## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **02-02-2024 - ൽ മറുപടിയ്ക്ക്**

## കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ അപകടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ആസ്ഥാനത്ത് കലാപരിപാടികൾക്കിടയിൽ അപകടത്തിൽപെട്ട് 4 കുട്ടികൾ മരണപ്പെട്ടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ടെക്ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ സംഗീത പരിപാടിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് വിദ്യാർത്ഥികൾ ഉൾപ്പെടെ നാല്പ പേരുടെ ജീവൻ നഷ്ടപ്പെടുന്നതിനും 60നു മുകളിൽ വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുന്നതിനും ഇടയായ സംഭവം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 25.11.2023ൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 25.11.2023 ൽ ടെക് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട പരിപാടിക്കിടെ അപകടത്തിൽ 4 പേർ മരിക്കുവാൻ ഇടയായ ദാരുണ സംഭവത്തെ സംബന്ധിച്ച സമഗ്ര അന്വേഷണം നടത്തുന്നതിനും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതെയിരിക്കുന്നതിന് സമാനമായ പരിപാടികൾ കാമ്പസ്സുകളിൽ നടത്തുമ്പോൾ പാലിക്കേണ്ട പൊതുനിർദ്ദേശങ്ങൾ ഉൾപ്പെട്ട ഒരു പെരുമാറ്റച്ചട്ടം തയ്യാറാക്കുന്നതിനും ഡോ.സജി ഗോപിനാഥ് (വൈസ് ചാൻസിലർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല), ഡോ. രാജശ്രീ എം.എസ്. (മുൻ വൈസ് ചാൻസിലർ, എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാല; സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ), ഡോ.ബൈജു കെ.ആർ.(പ്രൊഫസർ ആൻഡ് ഹെഡ്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്; ഡീൻ, എൻവയോൺമെന്റൽ & അറ്റ്മോസ്ഫെറിക് സയൻസസ്, മഹാത്മാഗാന്ധി സർവകലാശാല) എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28.11.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1749/2023/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി അതിന്റെ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധനയിലാണ്. |
| (ബി) | ഇത്തരത്തിൽ ഒരു കലാപരിപാടി സംഘടിപ്പിച്ചത് സംബന്ധിച്ച് വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും അറിവുണ്ടായിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്. |
| (സി) | വിദ്യാർത്ഥികൾ സംഘടിപ്പിച്ച കലാപരിപാടിക്ക് ആവശ്യമായ സുരക്ഷാ സംവിധാനം ഒരുക്കുന്ന കാര്യത്തിൽ വീഴ്ച ആരുടെ ഭാഗത്താണന്ന് വ്യക്തമാക്കാമോ? വിശദാംശം ലഭ്യമാക്കുമോ? | (സി) | ടി വിഷയം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ